**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1293** **27-07-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയത്തിനും, പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയത്തിനുമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 14.17 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും ഇ.എം.എസ് സ്റ്റേഡിയത്തിന് 8.62 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുമുണ്ട്. പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ നഗരസഭയുമായി ധാരണാപത്രത്തിൽ ഒപ്പു വച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ സമർപ്പിച്ചിരുന്ന ഡി.പി.ആർ-ൽ ജി.എസ്.ടി ഉൾപ്പെടുത്താതിനാലും ഡി.എസ്.ആർ കോസ്റ്റ് ഇൻഡക്സിലുണ്ടായ വ്യതിയാനവും കാരണം പ്രോജക്ടിൽ വ്യതിയാനം ഉണ്ടായതിനാൽ പുതുക്കിയ ഡി.പി.ആർ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. നഗരസഭയിൽ നിന്ന് ധാരണാപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും സ്ഥലകൈമാറ്റം സംബന്ധിച്ച് സ്വകാര്യ വ്യക്തി ഫയൽ ചെയ്ത ഒരു കേസ് നിലവിലുണ്ട്. സ്ഥലകൈമാറ്റം സംബന്ധിച്ച് കേസിന്റെ നടപടിക്രമം അവസാനിക്കുന്ന മുറയ്ക്ക് പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | വസ്തു സംബന്ധമായ എല്ലാ നടപടികളും ആലപ്പുഴ നഗരസഭ പൂർത്തീകരിച്ചിട്ടും നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയത്തിനും, പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയത്തിനുമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 14.17 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും ഇ.എം.എസ് സ്റ്റേഡിയത്തിന് 8.62 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുമുണ്ട്. പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ നഗരസഭയുമായി ധാരണാപത്രത്തിൽ ഒപ്പു വച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ സമർപ്പിച്ചിരുന്ന ഡി.പി.ആർ-ൽ ജി.എസ്.ടി ഉൾപ്പെടുത്താതിനാലും ഡി.എസ്.ആർ |

| | | | |
|---|---|---|---|
| | | | കോസ്റ്റ് ഇൻഡക്സിലുണ്ടായ വ്യതിയാനവും കാരണം പ്രോജക്റ്റിൽ വ്യതിയാനം ഉണ്ടായതിനാൽ പുതുക്കിയ ഡി.പി.ആർ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. നഗരസഭയിൽ നിന്ന് ധാരണാപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും സ്ഥലകൈമാറ്റം സംബന്ധിച്ച് സ്വകാര്യ വ്യക്തി ഫയൽ ചെയ്ത ഒരു കേസ് നിലവിലുണ്ട്. സ്ഥലകൈമാറ്റം സംബന്ധിച്ച് കേസിന്റെ നടപടിക്രമം അവസാനിക്കുന്ന മുറയ്ക്ക് പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | എന്തൊക്കെ നിർമ്മാണങ്ങളാണ് ഇതിൽ വിഭാവനം ചെയ്തിട്ടുള്ളത്; നിർമ്മാണച്ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; അടിയന്തരമായി സ്റ്റേഡിയം നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | പദ്ധതിയുടെ പുതുക്കിയ ഡി.പി.ആർ-ൽ ഫുട്ബോൾ ടർഫ്, 8 ലെയ്ൻ 400 മീറ്റർ സിന്തറ്റിക് അത്ലറ്റിക് ട്രാക്ക്, എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത സ്ഥലം സംബന്ധിച്ച കേസിന്റെ നടപടിക്രമങ്ങൾ തീരുന്ന മുറയ്ക്ക് നിർമ്മാണം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ